**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 750** **17-09-2025 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കമ്പി പൊട്ടിവീണുണ്ടാകുന്ന അപകടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ആര്യാടൻ ഷൗക്കത്ത് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നെടുമങ്ങാട് പൊട്ടിവീണ വൈദ്യുത കമ്പിയിൽ നിന്ന് ഷോക്കേറ്റ് 19 വയസുകാരൻ മരിച്ചതും കോഴിക്കോട് വടകരയിൽ സ്ത്രീ ഷോക്കേറ്റ് മരിച്ചതുമടക്കം ഇത്തരം നിരവധി സംഭവങ്ങൾ സംസ്ഥാനത്ത് നടന്നത് ശ്രദ്ധയിയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | പ്രകൃതിക്ഷോഭത്തിന്റെ സമയത്തുണ്ടാകുന്ന ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. അവ ആവർത്തിക്കാതിരി ക്കാനുള്ള നിരവധി നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | സംസ്ഥാനത്ത് പൊട്ടിവീണതും താഴ്ന്ന് കിടന്നതുമായ വൈദ്യുതിലൈനിൽ നിന്ന് ഷോക്കേറ്റ് മരിച്ചവരുടെ കുടുംബത്തിന് സഹായധനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | മതിയായ രേഖകൾ ലഭ്യമാക്കിയിട്ടുള്ള മരണപ്പെട്ടവരുടെ കുടുംബത്തിന് സഹായ ധനം നൽകിയിട്ടുണ്ട്. |
| (സി) | വൈദ്യുതി കമ്പി പൊട്ടി വീണ് അപകടം സംഭവിക്കുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (സി) | വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്താനും നിർമ്മാണത്തിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചു കൊണ്ടും വിതരണ ശൃംഖല ആധുനികവത്കരിക്കാനും കേരള സർക്കാർ പ്രഖ്യാപിച്ച 'ഊർജ്ജകേരള മിഷനിൽ' ഉൾപ്പെടുത്തി "ദ്യുതി" എന്ന പേരിൽ ബൃഹത്തായ വിതരണ ശൃംഖല നവീകരണ പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ പുരോഗമി-ക്കുകയും ചെയ്യുന്നു.<br><br>വൈദ്യുതി കമ്പി പൊട്ടി വീണ് ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കു ന്നതിനായി ഭൂഗർഭ കേബിളുകൾ, എ.ബി.സി. കണ്ടക്ടർ, കവേർഡ് കണ്ടക്ടറുകൾ, സ്പേസറുകൾ, ലൈൻ മൗണ്ടഡ് ഗാർഡിങ്ങുകൾ എന്നിവ സ്ഥാപിച്ചു വരുന്നു. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാ-പനങ്ങളിലും തുടർന്ന് മറ്റു പ്രദേശങ്ങളിലും സ്പേസർ, ഗാർഡിംഗ് മുതലായവ സ്ഥാപിച്ചു. അത്തരം സ്ഥലങ്ങളിൽ |

കണ്ടക്ടർ എൽടി എബിസിയിലേക്ക് മാറ്റുന്നതും പൂർത്തിയായിക്കൊണ്ടിരിക്കുന്നു.

നിലവിലുള്ള ഇൻസുലേഷൻ ഇല്ലാത്ത കമ്പികൾക്കു പകരം, അപകട സാധ്യത കൂടിയ സ്ഥലങ്ങളിൽ ഇൻസുലേഷൻ ഉള്ള എൽ ടി ഏരിയൽ ബഞ്ചഡ് കേബിൾ (2079 കി.മി കെ.എസ്.ഇ. ബി.യുടെ ദ്യുതി പദ്ധതിയിലൂടെയും കേന്ദ്ര പദ്ധതിയായ RDSS പദ്ധതിയിലൂടെ 476 കി.മി) സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ 2,22,00,000 സ്പേസറുകൾ എൽ ടി ലൈനുകളിൽ സ്ഥാപിച്ചിട്ടുണ്ട്. തുടർന്ന് ഫണ്ട് തുക ലഭ്യമാകുന്ന മുറക്ക് അടുത്ത അഞ്ചു വർഷത്തിനുള്ളിൽ 2472 കോടി രൂപയ്ക്കു 43000 കി മി എൽ ടി ഏരിയൽ ബഞ്ചഡ് കേബിൾ സ്ഥാപിക്കാനുള്ള പദ്ധതി പരിഗണനയിലാണ്.

ഇവ സ്ഥാപിച്ചുകൊണ്ട് വൈദ്യുതി എത്തിക്കുന്നത് താരതമേന്യ ചെലവേറിയ പദ്ധതിയായതു കൊണ്ടും ഭീമമായ ഇത്തരത്തിലുണ്ടാകുന്ന ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതു കൊണ്ടും ഘട്ടം ഘട്ടമായി പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടത്താനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനി-ച്ചിരിക്കുന്നത്. പുതുതായി നിർമ്മിക്കുന്ന എല്ലാ എൽടി ലൈനുകളും നിലവിലുള്ള എൽടി ലൈനുകളുടെ റീ കണ്ടക്ടറിങ് പ്രവൃത്തികളും എബിസി കണ്ടക്ടർ, കവേർഡ് കണ്ടക്ടറുകൾ എന്നിവ മാത്രം ഉപയോഗിച്ചു ചെയ്താൽ മതിയെന്ന ഒരു നയപരമായ തീരുമാനം കെ.എസ്.ഇ. ബി.എൽ. എടുത്തിട്ടുണ്ട്.

വൈദ്യുതികമ്പി പൊട്ടി വീഴുമ്പോൾ സ്വമേധയാ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതിനായി 11 കെവി ലൈനുകളിൽ റിലേ സംവിധാനം ഉപയോഗിച്ചും ലോ ടെൻഷൻ വിതരണലൈനുകളിൽ ഫ്യൂസ് യൂണിറ്റുകൾ ഉപയോഗിച്ചുമാണ് നിലവിൽ സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയി രിക്കുന്നത്. എൽ ടി ലൈനുകളിൽ സ്പേസറുകൾ സ്ഥാപിക്കുന്നതു വഴി ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒരു പരിധി വരെ ഒഴിവാക്കാവുന്നതാണ്.

2018 മുതൽ 2022 വരെ നടപ്പിലാക്കിയ വിതരണശൃംഖല നവീകരണ പദ്ധതി യായ ദ്യുതി 1, വൈദ്യുതി വിതരണ രംഗം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാര്യ ക്ഷമത വരുത്തുന്നതിനുമായി 2022-23 മുതൽ 2026-27 കാലയളവിലേക്കായി കെ. എസ്. ഇ. ബി. എൽ. നടപ്പിലാക്കുന്ന ദ്യുതി 2.0., വൈദ്യുതി വിതരണ മേഖലയുടെ വികസനവും നവീകരണവും ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള RDSS പദ്ധതി

| | | | |
|---|---|---|---|
| | | | എന്നിവയിൽ ഉൾപ്പെടുത്തി കൂടുതൽ ലൈനുകൾ എബിസി കണ്ടക്ടറുകളും കവേർഡ് കണ്ടക്ടറുകളും ഭൂഗർഭ കേബിളുകളും ആക്കി മാറ്റിവരുന്നു. |

സെക്ഷൻ ഓഫീസർ